# ST. MARY'S GHS ATHIRAMPUZHA

little KITEs
2023-2024








# ഓർമ്മകൾ




# ഇതളുകൾ വിടരുമ്പോൾ.....

ചിറകറ്റ സഞ്ചാരി.......................................7

Expectations.......................................9

दो जानवरों की कथा ................................ 10

സമൂഹത്തെ കാർന്നുതിന്നുന്ന ലഹരി ..................11

Innocent............................................13

How to be a model for others............. 14

ഓണം 23......................................................... 16

Christmas 23......................................19

കളറോത്സവം ..........................................21

Gallary.............................................22

ए ऐ के फायदे और नुकसान . ....................................26

ആസ്വദിക്കാം പരിധി വരെ .........................29

Digital painting..................................31

Annual Day........................................32

വിടരാൻ വിതുമ്പി
നിൽക്കുന്ന നവ
മുകുളങ്ങൾ......കഥകളും,കവിതകളും,
ചിത്രങ്ങളുമായി..... വർണ്ണവസന്തം
ഒരുക്കുന്നു. സെന്റ്.മേരിസ് ജി എച്ച്
എസ് ലെ  ലിറ്റിൽ കൈറ്റ്സ് ഐ ടി
ക്ലബ്ബ് 2022-25 ബാച്ച് പ്രതിഭകൾ
ആധുനിക സാങ്കേതികവിദ്യയോട് കൂടി
നിങ്ങൾക്ക് മുന്നിൽ സാദരം

സമർപ്പിക്കുന്നു.

# ഓർമ്മകൾ 2K24



# നന്ദിയുടെ ഒരു വാക്ക്

ലിറ്റൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട ഈ മാഗസിൻ ഏറ്റവും ഭംഗിയാക്കുവാൻ എല്ലാവരും സഹകരിച്ചു. ഈ കൂട്ടായ പ്രവർത്തനത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാ സുമനസ്സുകളേയും നന്ദിയോടെ ഓർക്കട്ടെ. എല്ലാ പ്രവർത്തനങ്ങൾക്കും ഞങ്ങൾക്ക് വഴികാട്ടികളായി നിലകൊണ്ട സ്ക്കൂൾ ഹെഡ്മിസ് ട്രസ് ശ്രീമതി ലിജി മാത്യു
ടീച്ചർനും, മികച്ച അവതരണത്തിനായി ഞങ്ങളോടൊപ്പം എന്നും നിൽക്കുന്ന SITC ശ്രീ ജോബിൻ ജെ മുകളേൽ സാറിനും , കൈറ്റ് മിസ്ട്രസ്സ്മാരായ ശ്രീമതി സിജോ ജോസഫ് ടീച്ചറിനും ശ്രീമതി റോസ് മേരി ടീച്ചറിനും എല്ലാ ലിറ്റൽ കൈറ്റ്സ് അംഗങ്ങൾക്കും സർവ്വോപരി സർവശക്തനായ ദൈവത്തിനും എന്റെ ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അർപ്പിക്കുന്നു.

എന്ന്
***Neha Joseph***
***(Chief Editor)***

# ആശംസ



അറിവിന്റെയും വിജ്ഞാനത്തിന്റെയും പ്രകാശരേണുക്കൾ കൊണ്ട് അജ്ഞതയുടെ തമസ്സ് തുടച്ചുനീക്കി അനശ്വര പ്രഭ വിതറി സെൻറ് മേരീസ് ഗേൾസ് ഹൈസ്കൂൾ 103 ജന്മദിനങ്ങൾ പിന്നിട്ടു കഴിഞ്ഞു.

ഇളം മനസുകൾക്ക് അറിവിന്റെയും മൂല്യങ്ങളുടെയും വെളിച്ചം നൽകിയ ഈ വിദ്യാലയ മുത്തശ്ശി വൈജ്ഞാനിക രംഗത്തും കലാകായിക സാംസ്കാരിക രംഗങ്ങളിലും തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. പാർശ്വവത്കരിക്കപ്പെട്ട സ്ത്രീ ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകി സമൂഹത്തെ ശക്തിപ്പെടുത്താനുള്ള പൂർവ്വ പിതാക്കൻമാരുടെ വിദ്യാഭ്യാസ ദർശനത്തിന്റെ പ്രതിഫലനമാണ്. ഈ വിദ്യാലയം എന്നത് ശ്രേദ്ധേയമാണ്. ഒരു നാടിന്റെ വളർച്ച അവിടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്.

ഒരു പ്രദേശത്തിന്റെ പ്രകാശഗോപുരമാണ് അവിടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന കൈറ്റിന്റെ ഒരു സവിശേഷ സംരംഭമാണ് ലിറ്റിൽകൈറ്റ്സ് ഐ ടി ക്ലബ്. ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ ടി കൂട്ടായ്മയുടെ ഭാഗമാകുവാൻ സെൻറ് മേരീസ് ഗേൾസ് ഹൈസ്കൂളിനും സാധിച്ചതിൽ സന്തോഷം. പൊതുജനങ്ങൾക്ക് കാണാവുന്ന വിധത്തിൽ സ്കൂളിനെ നാടിന് പരിചയപ്പെടുത്താൻ ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസിന് സാധിക്കും.

ഇത് തയ്യാറാക്കുവാൻ പ്രയത്നിച്ച എല്ലാ അധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു. സാങ്കേതികവിദ്യയുടെ വളർച്ചയിൽ നാൾക്കുനാൾ സ്കൂൾ ഉയരട്ടെ എന്നാശംസിക്കുന്നു.

Smt. Ligi Mathew
(Headmistress)

# ആശംസ



## ഉയർന്നു പറക്കാം  ലിറ്റൽ കൈറ്റ്സിനൊപ്പം

സെന്റ് മേരീസിലെ ലിറ്റൽ കൈറ്റ്സ് അംഗങ്ങൾക്ക്

എന്നെ പോലെയുള്ള മുതിർന്ന അദ്ധ്യാപകർക്ക് എന്നും  തണലുമാണ് നിങ്ങൾ എന്ന് പറയാൻ ഞാൻ മടിക്കുന്നില്ല. സാങ്കേതികതയുടെ മിടിപ്പ് നിങ്ങളുടെ കയ്യിലാണ്. നല്ല രീതിയിൽ ക്ലാസ്സെടുക്കാൻ  IT  മേഖലയിലെ പ്രാഗത്ഭ്യം കൂടിയേ തീരൂ. അതിനു നിങ്ങളുടെ സഹായം ഞങ്ങൾ തേടാറുണ്ടല്ലോ.. അനുഭവങ്ങളെ ഓർമ്മകളാക്കി ഓർമകളെ ഡിജിറ്റൽ ആക്കി ഈ ലോകത് നിങ്ങളുടെ മുദ്ര പതിപ്പിക്കുന്ന ഈ അവസരത്തിൽ ഈ സംരംഭത്തിന് നേതൃത്വം നല്കുന്നവർക്കും ഇതിൽ സഹകരിച്ച എല്ലാ കൂട്ടുകാർക്കും ഹൃദയം കൊണ്ട് ആശംസകൾ അർപ്പിക്കട്ടെ. പറന്നുയരുക.

ശ്രീമതി. ജാസ്മിൻ മാത്യു
(സീനിയർ അസിസ്റ്റൻഡ്)

# Message



It is my great pleasure to enlighten the great works of Little Kites members in our school. This shows the digital empowerment of our student community.

Let me congratulate the smart endeavours of all of you and I wish you the great success that may brighten your future.

Smt. Vasanth Kurian
(Staff secretary)

# ചിറകറ്റ സഞ്ചാരി



Ann Mary Thomas
IX B

വിശാലമായ മുറ്റം ,കാലപകർപ്പ് അടയാളപ്പെടുത്തുന്ന കൃഷിഭൂമികൾ. ആ നാലുകെട്ടും പിന്നിട്ട വരാന്തയിലേക്ക് നോക്കിയാൽ വാർദ്ധാക്യവും പിന്നിട്ട ഒരു മനുഷ്യകോലം

ചാരുകസേരയിൽ ;ഉറക്കക്ഷീണവും വാർധക്യ സഹജമായ ബുദ്ധിമുട്ടുകളും അയാളെ ഒരുപോലെ ഗ്രസിച്ചിട്ടുണ്ട്.ആ മനുഷ്യൻ എന്തെല്ലാമോചിന്തിക്കുകയാണ്.ഓർമ്മകളിൽ എവിടെയോ "അനന്തേട്ടാ..." അതെ അത് കമലാക്ഷിയാണ്. തന്റെ കമലാക്ഷി, അയാൾ ഓർക്കുവാൻ തുടങ്ങി .എന്ത് മനോഹരമായിരുന്നു തന്റെ ജീവിതം .സ്നേഹിച്ചു സ്വന്തമാക്കിയ കമലാക്ഷി രണ്ടു പൊന്നോമനകൾ അവരുടെ ചിരികളാൽ ഈ മാളിക മുഖരിതമായിരുന്നില്ലേ ?......ഒരു തെറ്റിദ്ധാരണ... അതാണെല്ലാം താറുമാറാക്കിയത് .ഇന്ന് അത് തെറ്റിദ്ധാരണ ആയിരുന്നു എന്ന് തനിക്കു ഉറപ്പുണ്ട് ...എന്നാൽ അന്ന് തന്റെ അഭിമാനബോധം അത് അംഗീകരിച്ചിരുന്നില്ല. തന്റെ രണ്ടു പെൺമക്കൾ... അവർ വളർന്നുകാണും. അവരുടെ അച്ഛൻ എവിടെയാണെന്നാണ് കമലാക്ഷി അവരോടു പറഞ്ഞിട്ടുണ്ടാവുക? അവൾ... കമലാക്ഷി....അയാൾ ചെറിയ ചിരിയോടെ ഓർത്തു അവൾ കിഴവിയായിക്കാണും ...പെട്ടന്ന് അനന്തൻ എന്തോ ആലോചിച്ചു. എത്ര ആഗ്രഹിച്ചുരുന്നു അവളെ സ്വന്തമാക്കാൻ .... യൗവനം ഞങ്ങൾക്ക് പ്രണയത്തിന്റെ വസന്തമായിരുന്നില്ലേ ... ഒരു മഴയത്തു അവളോട് ഞാൻ പറഞ്ഞു "നമ്മുക്ക് എന്നും ഈ മഴ ഒരുമിച്ചു കാണാം..., ഒരുമിച്ചു നനയാം..., ഇതേ മുത്തശ്ശിമാവിന്റെ ചോട്ടിൽ വാർധക്യം പങ്കിടാം... ഒടുവിൽ ഇതേ മാവിന്റെ ചോട്ടിൽ ഒരു പിടി ചാരമായി ഒരുമിച്ചു കഴിയാം. അപ്പോഴും സർവേശ്വരൻ ഈ മഴ പൊഴിക്കട്ടെ...."മനസ്സിൽ തട്ടിയ പ്രണയത്തിന്റെ വാക്കുകൾ എത്ര വേഗമാണ് ഒളിമങ്ങിയത് .ഒടുവിൽ അതെ മഴയത്തേക്കു താൻ അവളെയും മക്കളെയും ഒറ്റക്കാക്കി കതകടച്ചു . അനന്തൻ വിതുമ്പി .അതാ ഇപ്പോഴും ആ മുത്തശ്ശിമാവ് ... എന്നാൽ പഴയ പ്രൗഢിയില്ല... അവളും ഇല്ല....

ഇതെല്ലാം ചിന്തിച്ചുകൊണ്ടിരിക്കെയാണ് അയൽക്കാരൻ ദാമോദരൻ ആ വരാന്തയും പിന്നിട്ട് അകത്തേക്ക് വന്നത്. ദാമോദരന് അനന്തനെ അറിയാം .പണ്ടുതൊട്ടേ അവരുടെ അയൽക്കാരനാണ് .അനന്തന്റെ സ്ഥിരം ചിന്തകളെപ്പറ്റിയും അറിയാം .അതറിയാവുന്ന ദാമോദരൻ ഇതുവരെ പറയാത്ത ഒരു കാര്യം പറഞ്ഞു "ചേട്ടാ ഒരു പത്തു വർഷം മുൻപ് നിങ്ങൾക്ക് ഒരു അഡ്രസ്സ് തന്നു. കമലാക്ഷിയമ്മയുടെ വീടിന്റെ. നിങ്ങൾ അന്വേഷിച്ചില്ല. നാളിതുവരെ നിങ്ങൾ അത് തൊട്ടിട്ടില്ല. ഒന്നുപോയി അന്വേഷിച്ചുകൂടെ. നിങ്ങടെ മകളല്ലേ?...".

അനന്തൻ ചിന്തിച്ചു. എന്നിട്ട് എന്തോ ഉൾപ്രേരണ കിട്ടിയതുപോലെ എഴുന്നേറ്റു. തന്റെ കട്ടിലിന്റെ അടിയിൽ പത്തുവർഷമായി ഇരിക്കുന്ന മേൽവിലാസം എടുത്തു . അയാൾ

തന്റെ വടിയും കുത്തി പതിയെ നടന്നു വീടിന്റെ പടികളിറങ്ങി. "ഞാൻ കൂടിവരാം " ദാമോദരൻ പറഞ്ഞു . "വേണ്ട.. എന്റെ യാത്ര എങ്ങോട്ടാ... അറിയില്ല. മടങ്ങിവരുമോ... അറിയില്ല . താൻ വരണ്ട ."അനന്തൻ വീടിന്റെ താക്കോൽ ദാമോദരനെ ഏൽപ്പിച്ച് പതിയെ നടന്നു .ആ വൃദ്ധൻ ബസിന്റെ സൈഡ് സീറ്റിൽ ഇരുന്നു .സ്ഥലം എത്തി അയാൾ പതിയെ ഇറങ്ങി .ആ മേൽവിലാസത്തിൽ പറഞ്ഞ വീടിനു മുന്നിൽ എത്തി .നാളുകൾ പഴക്കം തോന്നിക്കുന്ന ഒരു ചെറിയ വീട് അയാൾ ആ ഗേറ്റ് തുറന്നു അകത്തേക്ക് വന്നു. ആകാശം മേഘാവൃതമായിരിക്കുന്നു. അയൽക്കാരൻ ഒരു അജ്ഞാതനെ കണ്ടതുകൊണ്ട്, ആരെന്നറിയാനുള്ള ജിജ്ഞാസയിൽ അക്ഷമനായി നിൽക്കുന്നു . അയാൾ കോളിങ് ബെൽ അമർത്തി. അതിന്റെ ശബ്ദം കേട്ട് ഒരു വൃദ്ധ ഇറങ്ങി വന്നു ,ആ സ്ത്രീ ആഗതനോടായിട്ട്... "ഉം... എന്ത് വേണം ?".

"ഇതാണോ കമലാക്ഷി ടീച്ചറുടെ വീട്? "

"അല്ല. എന്റെ പേര് മറിയക്കുട്ടി .ഇതിനു മുൻപ് ഒരു കമലാക്ഷിയും ഭർത്താവും കുട്ടികളുമാണ് ഇവിടെ താമസിച്ചിരുന്നത് "

ആ വൃദ്ധ പറഞ്ഞു .അനന്തന്റെ ഹൃദയമിടിപ്പ് കൂടി .

"ഒരു കമലാക്ഷി ടീച്ചർ ആണോ ".

ടീച്ചർ ആണോന്നറിയില്ല ,അവരുടെ അഡ്രസ്സ് ഇവിടെ എവിടെയോ ഉണ്ട് .ഞാൻ ഒന്ന് തപ്പട്ടെ ". ഇതും പറഞ്ഞു വൃദ്ധ കയറിപ്പോയി ."ഇവരെ ... ഈ വൃദ്ധയെ എവിടെയോ കണ്ടു നല്ല പരിചയം ".

അനന്തൻ ഓർത്തു .

ഇനി താൻ അന്വേഷിക്കുന്നതിൽ അർത്ഥമെന്താണ് ...അവൾക്കു പുതിയൊരു ജീവിതം ലഭിച്ചുകാണും... ,എന്നെ മറന്നു കാണും.. .

ആ വൃദ്ധ വീണ്ടും വന്നു ഒരു മേൽവിലാസം കൊടുത്തു , അതിലെ അഡ്രെസ്സ് കണ്ടു അനന്തൻ സ്തബ്ധനായി!!! ഇന്ത്യക്കു പുറത്താണ് സെറ്റിൽ ആയിരിക്കുന്നത് . ഇതിൽ രവീന്ദ്രൻ എന്നാണ് പേര് .അനന്തൻ ആ വരാന്തയിൽ ഇരുന്നുപോയി ."ഇനി താൻ എവിടെ അന്വേഷിക്കാനാണ് .ഈ ജന്മം ഒരു കൂടിക്കാഴ്ച സാധ്യമല്ല .അവൾ സന്തോഷവതിയാണെന്ന് അറിഞ്ഞതിൽ സന്തോഷം . അടുത്ത ജന്മത്തിലെങ്കിലും ഞാൻ അവളോട് ക്ഷമ ചോദിക്കും . എന്നിട്ട് ഞങ്ങൾ ഒരുമിച്ച് പ്രണയം ആഘോഷിക്കും ". അയാൾ വിതുമ്പി .ഇത് ശ്രദ്ധിച്ച ആ വൃദ്ധ കനിവൂറുന്ന സ്വരത്തിൽ പറഞ്ഞു "താങ്കൾക്ക് ഇപ്പോൾ തോന്നുന്ന ഈ പശ്ചാത്താപം... ഇത് മാത്രം മതി കമലാക്ഷിക്കു നിങ്ങളോടു ക്ഷമിക്കാൻ.” അനന്തൻ അവരെ നോക്കി എവിടെയോ പരിചിതമെന്നു തോന്നിക്കുന്ന മുഖം .. ആരാണിവർ? "ദൈവം ഇനിയും എന്തിന് എന്നെ പരീക്ഷിക്കുന്നു." അനന്തൻ ചോദിച്ചു ."നിങ്ങൾ അവളെ മറന്നു ,അവളുടെ രൂപവും എന്നാൽ അവൾ എന്നും കാത്തിരിക്കുകയായിരുന്നു ഈ തിരിച്ചുവരവിനായി "മഴ പെയ്തു തുടങ്ങി രണ്ടു മിഴികൾ നിറഞ്ഞൊഴുകുന്നു." കമലാക്ഷി .....".



# [illegible]

**All Bright Mariam Sunil**
IX C

[illegible]

# दो जानवरों की कथा



**Alphonsa Toji**
**IX B**



जानवरों में गधा सबसे ज़्यादा बूदि धहीन समझा जाता है। हम जब किसी आदमी को पहले दरजे का बेवकूफ़ कहना चाहते हैं, तो उसे गधा कहते हैं। गधा सच मुच बेवकूफ़ है, या उसके सीधेपन, उसकी सहिष्णुता ने उसे यह पदवी दे दी है, इसका निश्चय नहीं किया जा सकते। गाये सीग मारती है, गाय तो अनायास ही सिंहनी का रूप धारण कर लेती है। कुत्ता भी ऐसा जानवर है, कुछ समय कभी- कभी उसे भी क्रोध आ ही जाता है; किंतु गधे को कभी क्रोध करते देखा या सुना नहीं। जितवा चाहे उसको मारो, चाहे जैसी खराब सड़ी हूई घास सामने डाल दो, उसके चेहरे पर कभी असंतोष न दिखाई देगी। वैशाख में चाहे एकाध बार कूलेल कर लेता है; पर हमने तो उसे कभी खूश होते नहीं देखा। उसके चेहरे पर एक विषाद सथायी रूप से छाया रहता है। सुख - दुख, हानि- लाभ, किसी भी दशा में उसे बदलते नहीं देखा। ऋषियों के जितने गुण हैं वे सभी उसमें हैं।

पर आदमी उसे बेवकूफ़ कहता है। सद्‌गुणों का इतना अनादर कहीं नहीं देखा। कदाचित सीधापन संसार के लिए उपर्युक्तनहीं है। देखिए न, भारतवासियों की आफ्रीका में क्या दुदेशा हो रही है। वयों अमेरीका में उन्हें घुसनें नहीं दिया जाता ? बेचारे शराब नहीं पीते, चार पैसे कुछसमय के लिए बचाकर रखते हैं, जी तोड़कर काम करतेहैं ।किसी से लड़ाई - झगड़ा नहीं करते हैं। वे जीवन के आदर्शों को नीचा करते हैं। अगर वे भी ईट का जवाब पत्थर से देना सीख जाते तो शायद सभ्य कहलाने लगते ।जापान की मिसाल सामने है ही विजय ने उसे संसार की सभ्य जातियों में गण्य बना दिया। लेकिन गधे का एक छोटा भाई और भी है, जो उससे कम ही गछा है, और वह है ' बैल' । जिस अर्थ में हम गधे का प्रयोग करते हैं, कुछ उसी से मिलते - झुलते अर्थ में' बछिया के ताऊ का भी प्रयोग करते हैं। कुछ लोग बैल को शायद बेवकूफों में सर्वश्रेष्ठ कहने से अपना असंतोष प्रकट कर देता है, अतएव उसका स्थान गछे से नीचा है। झूरी काछी के दोनों बैलों के नाम थे हिरा और मोती। दोनों पछाई जाति के थे - देखने में सुंदर, काम में अचरज है। बहुत दिनों साथ रहते - रहतेदोनो में भाईचारा हो गये थे। दोनों आमने- सामने या आस- पास बैठे हुए एक-दूसरे से मौन - भाषा में विचार - विनिमय करते थे। एक, दूसरे के मन की बात कैसे समझ जाता था, हम नहीं कह सकते। उन दोनों का भरपूर स्नेह देखने लायक है।





# സമൂഹത്തെ കാർന്നുതിന്നുന്ന ലഹരി

**Delna Jaisemon**

ഇന്നത്തെ സമൂഹത്തെ മുഴുവനായും കാർന്നുതിന്നുന്ന ഒരു വലിയ വിപത്താണ് ലഹരി മയക്കമരുന്ന് ഉപയോഗം. ഒരു സമൂഹത്തെ തന്നെ ഇല്ലാതാക്കാൻ കഴിയുന്ന ഒന്നാണ് മയക്കമരുന്നും ലഹരി വസ്തുക്കളും. അത് എല്ലാവർക്കും തന്നെ അറിയാവുന്ന ഒരു വസ്തുതയാണ്.എന്നിട്ടും രക്തമൂറ്റി കുടിക്കുന്ന യക്ഷിയെപ്പോലെ അത് സമൂഹത്തിൽ അലഞ്ഞുനടന്ന് കുട്ടികളെയും, യുവാക്കളെയും, മുതിർന്നവരെയും, ഒരുപോലെ നശിപ്പിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി ഇപ്രകാരം പറഞ്ഞത് "ഞാൻ ഇന്ത്യയുടെ പ്രധാനമന്ത്രിയായാൽ ആദ്യം ചെയ്യുക ഈ രാജ്യത്ത് മദ്യ നിർമ്മാജനം ഏർപ്പെടുത്തുകയായിരിക്കും".

ആൺപെൺ വ്യത്യാസമില്ലാതെയാണ് ലഹരി മനുഷ്യനെ കീഴടക്കുന്നത്. ഇന്ന് പ്രായഭേദമന്യേ എല്ലാവരും ലഹരിപദാർത്ഥങ്ങൾക്ക് അടിമയായി കൊണ്ടിരിക്കുകയാണ്. തുടക്കത്തിൽ ഒരു രസത്തിന് മാത്രം രുചിച്ചു തുടങ്ങുന്നത് അവസാനം അതില്ലാതെ ജീവിക്കാനാവാത്ത അവസ്ഥയിലേക്ക് എത്തിച്ചേരുന്നു. ഇന്നത്തെ കാലഘട്ടത്തിൽ ലഹരിയും മറ്റു മയക്കമരുന്ന് പദാർത്ഥങ്ങളും ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്.ഇന്ന് സ്കൂളിന്റെ പരിസരപ്രദേശങ്ങളിൽ പല തരത്തിലുള്ള ലഹരിവസ്തുക്കൾ ലഭ്യമാകുന്ന സാഹചര്യമാണ്. വിദ്യാർത്ഥികളുടെയും കൊച്ചു കുട്ടികളുടെയും ആകർഷണം പിടിച്ചു പറ്റാൻ വ്യത്യസ്തമായ നിറങ്ങളിലും, ആകൃതികളിലും ഇത് ലഭ്യമാണ്.

പണ്ട് മുതിർന്നവരെ മാത്രം ബാധിച്ചിരുന്ന ഒരു വിപത്തായിരുന്നു ലഹരിയെങ്കിൽ ഇന്ന് കൊച്ചു കുട്ടിക പോലും വെറുതെ വിടാതെ പുറകെ കൂടിയിരിക്കുകയാണ് ലഹരി. മുതിർന്നവർക്ക് ഒരു പരിധിവരെ

മനോധൈര്യത്താലും, ഉറച്ച തീരുമാനത്താലും, ഇതിന്റെ ആസക്തിയിൽ നിന്ന് മുക്തി നേടാൻ കഴിയും. എന്നാൽ കുട്ടികളെ സംബന്ധിച്ച് ഇത് അസാധ്യമാണ്.ഒരിക്കൽ മദ്യത്തിന്റെ ആസക്തിയിൽ പെട്ടുപോയാൽ അതിൽ നിന്ന് മറികടക്കുക എന്നത് ബുദ്ധിമുട്ടായ ഒരു കാര്യമാണ്. ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം ഒരു വ്യക്തിയെ മാത്രമല്ല അയാളുമായി ബന്ധപ്പെട്ട് നിൽക്കുന്ന



എല്ലാവരെയും ബാധിക്കും. ഒരു കുടുംബത്തെയും സമൂഹത്തെയും തന്നെ ഇല്ലാതാക്കാനുള്ള കഴിവ് ലഹരിപഥാർത്ഥങ്ങൾക്കുണ്ട്. മയക്കുമരുന്ന്, ലഹരി എന്നീ വിഭാഗത്തിലെ കൊലകൊമ്പൻമാരാണ് എം ഡി എം എ,കഞ്ചാവ്, ഹാൻസ് തുടങ്ങിയവ. ഇവ ഉപയോഗിച്ച് കഴിഞ്ഞാൽ ഒരു ദിവസം വരെ മയക്കം അനുഭവപ്പെടാം. സ്വയം ചെയ്യുന്ന പ്രവർത്തിയോ സംസാരിക്കുന്നതോ എന്തെന്നുപോലും തിരിച്ചറിയാൻ പറ്റാത്ത അവസ്ഥയാണ് അനുഭവപ്പെടുക. മുന്നിൽ നിൽക്കുന്നത് സ്വന്തം അമ്മയാണെന്നോ സഹോദരിയാണെന്നോ ഉള്ള ചിന്ത പോലും കാണില്ല. ഈ അവസരത്തിലാണ് ലഹരിപദാർത്ഥങ്ങളുടെയും മറ്റു വസ്തുക്കളുടെയും ഉപയോഗം മൂലം അക്രമങ്ങളും കൊലപാതകങ്ങളും നടക്കുന്നത്. ഇന്നത്തെ കാലത്ത് സമൂഹമാധ്യമങ്ങളിലെ സ്ഥിരം വാർത്തയും സംസാര വിഷയവുമാണ് മദ്യലഹരിയിൽ യുവാക്കൾ ചെയ്യുന്ന അതിക്രമങ്ങളും പീഡനങ്ങളും. കൊച്ചുകുട്ടികളെയും സ്വന്തം ചോരയെ പോലും വെറുതെ വിടാത്ത നീചരായി മാറുകയാണ് മദ്യലഹരിയിൽ മനുഷ്യർ.കേരളം പലതവണ ലഹരിയുടെ ആസക്തിയിൽ മനുഷ്യർ ചെയ്യുന്ന അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും സാക്ഷിയായതാണ്.

ഇന്നത്തെ ആരോഗ്യമുള്ള യുവതലമുറയാണ് നാളത്തെ ഭാവി എന്ന് പല മഹാന്മാരും പറഞ്ഞിട്ടുണ്ട്.മദ്യമെന്ന മയക്കുമരുന്നെന്ന ഹീനമായ ലഹരിയല്ല മനുഷ്യർക്ക് വേണ്ടത് ജീവിതമെന്ന സന്തോഷം നിറഞ്ഞ സമാധാനം നിറഞ്ഞ ലഹരിയാണ് മനുഷ്യജീവിതത്തിനാവശ്യം. മദ്യപരായ ആളുകൾ ലഹരിക്കെതിരെ പ്രവർത്തിക്കുകയില്ല.സാമ്പ ത്തിക നേട്ടം ലഭിക്കുന്നതിനാൽ ഒറ്റ രാഷ്ട്രീയ പാർട്ടിയും ഇതിനെതിരെ ആത്മാർത്ഥമായി പ്രവർത്തിക്കുകയില്ല.എന്നാൽ ഇവിടുത്തെ യുവതലമുറ ഒരുമിച്ച് പരിശ്രമിച്ചാൽ മദ്യം എന്ന പിശാചിനെ ഒരു പരിധിവരെ തുരത്താൻ കഴിയും. മദ്യവും മയക്കുമരുന്നും വരുത്തിവെച്ച ദുരന്തങ്ങൾ ലോകത്തിനു മുന്നിൽ തുറന്നുകാട്ടണം. കരളലിയിക്കുന്ന ദുരന്തങ്ങളുടെ കഥകൾ ലോകത്തിനു മുന്നിൽ വെളിപ്പെടുത്തി ജനങ്ങളെ ബോധവാന്മാരാക്കണം. ഇതിനായി ലഭിക്കുന്ന ഒരു അവസരവും പാഴാക്കരുത്. ഞാൻ ഒരിക്കലും മദ്യപിക്കില്ല എന്ന് മാത്രമല്ല മദ്യപിക്കാൻ ആരെയും പ്രേരിപ്പിക്കുകയില്ല എന്നും പ്രതിജ്ഞയെടുക്കണം.അങ്ങനെ ലഹരി എന്ന പിശാചിനെ എന്നന്നേക്കുമായി തുരത്താൻ കഴിയണം. അങ്ങനെ ആരോഗ്യമുള്ള ഒരു ഭാവി തലമുറ രാജ്യത്തിന്റെ നന്മയ്ക്കായി ഉണ്ടാകട്ടെ എന്ന് നമുക്ക് ആശ്വസിക്കാം.

# Innocent



Naithika Jeejo

Wading through the breezy field,
Sighting all the successful yield,
Something that I had step on,
Crowled over my foot; it was lone,
It was frightened; it gave me a bite,
It was an ant, I got by a sight

Painful it was,
But I can't harm it, it's also a living being
I scooped it in my arms,
And placed it on a greenish leaf,
That green was an emerald for it.

Admist that I heard an astonished whisper:
"Ha! a foolish one is he".
And I recognized
I was the third person.

# How to be a model for others



**Irene Roy**
**X B**

It is really important to be a real person in life. Let's not fake ourselves in society. Be yourself! In this fake world and society be yourself. Don't imitate one another in life. We should inspire someone with our thoughts, words and actions. God has given all of us talents. We should find it and make it big by our actions.

We should find our happiness and fight for it. By our good deeds we should inspire others. It will be a great motivation for others. Be a strong person, let all our talents be a motive to someone. If someone is in a need we should help them. If we do, then someday when we have a need there will be someone to help us. Show respect and love to everyone and be kind. ''First impression is the best impression''. Make a good impression by being yourself. Just be yourself and don't imitate or fake anyone.



It will be really hard at first but one day you will find the real person in you by life experiences. Talk to somebody and hear their sorrows



and grief. It will be really helpful to that person and by hearing that we will understand “Everyone has their own problems’’. So we should understand that and think that our little sorrows are not so big problems. If someone is hurt then heal them with love and care. Be careful when using words. Sometimes we burst our anger out to someone we really love. But in that particular moment we can’t control it. Some words cannot be healed with sorry. It will always remain in our hearts. Don’t hurt someone with what they don’t have. That time they will hear and smile but it will remain in their heart as a wound.

Understand the feelings of others also. Don’t just care about our feelings. By hearing someone they will get a relief and give them our life experiences and motivation. It will give them support and they will be happy to know that someone is there to hear their problems.
In this fake world full of toxic and unreal friends. It is hard to get good and real friends who understand our problems and to be with us till the end. Be a reason for happiness in others life. Just understand them and motivate them in their talents. Give them respect, love and care. Support them in their needs. Give your loved one’s priority in life. Sometimes we will not understand their values in our life. But when they are gone we will regret it and will be sad. So love them as themselves. Never force them to be in our way. Just live like you are and don’t be someone’s pet. We too have likes and dislike’s. Find it and enjoy our happiness. Don’t replace it with other’s favourites.


ഓണം
2023


ഓണം
2023












Christmas
2023



# കലോത്സവം



























































BAND



rawpixel

# ए ऐ के फायदे और नुकसान



Aashitha George
IX B

आर्टिफिशियल इंटेलिजेंस ऐसी मशीनें बनाने का विज्ञान है जो इंसानों की तरह सोच सकती है।

## आर्टिफिशियल इंटेलिजेंस के फायदे

### *मानकिय है त्रुटियों में कमी

इंसानों से तुलना इनसे किया तो काम गलतियां करते हैं। इस के उपयोग से मानवीय गलतियां भी कम होते है। चूँकि मशीनों में एक कार्यक्रम पहले से ही सेट होता है इसलिए वे इंसानों की तरह समय-समय पर गलतियां नहीं करते है।

### *हर समय समर्थन

कोई भी व्यक्ति 24 घंटे कोई कार्य नहीं कर सकता; उसे आराम की जरूरत है। एक व्यक्ति कोई भी काम लगभग 8 से 9 खंडे तक ही कर सकता है, जिसके बाद उसे आराम की जरूरत होती है।

लेकिन ए ऐ में ऐसा बिल्कुल भी नहीं है। ए ऐ से बनी मशीन दिन के 24 घंटे लगातार कोई भी काम करने में सक्षम है और उसे किसी आराम की जरूरत नहीं होती, जिसके कारण यह इंसानों से ज्यादा उत्पादन करती है।



### *गहन डेटा विश्लेषण

आर्टिफिशियल इंटेलिजेंस डेटा का गहराई से विश्लेषण करने में मदद करता है। जिससे हमे सबसे सटीक

जानकारी मिलती है।

इसका उपयोग ज्यादातर बिजनेस के क्षेत्र में डेटा का विश्लेषण करने के लिए किया जाता है। ताकि बिजनेस करने के लिए किया जाता है। ताकि बिजनेस बढ़ सके। क्योंकि अगर कंपनी आसानी से प्रतिस्पर्धा को मात दे सकेगी। इसलिए बिजनेस के लिए ए ऐ जरूरी हो जाता है।



## *त्वरित निर्णय

मनुष्य की तुलना में मशीन तेज गति से निर्णय लेने और कार्यों को तेज गति से पूरा करने में सक्षम होती है।

अगर हम इंसान की बात करे तो वह निर्णय लेते समय कई चीजों के बारे में सोचता है, जिसमें उनका काफी समय बरबाद हो जाता है।

पर मशीन में पहले से ही प्रोग्राम सेट होते है, जिससे निर्णय लेने में कम समय लगता है। इसका सबसे अच्छा उदारहरण शतरंज का आनलाइन गेम हो सकता है जिसमे कंप्यूटर तेज गति से अपनी चाले चलता है।

# आर्टिफिशिल इंटेलिजेंस के नुकसान

## *उच्च कीमत

आर्टिफिशिल इंटेलिजेंस का उपकरणों को बनाने में बहुत सारा पैसा खर्च होता है। क्योंकि इन डिवाइस को बनाने में बहुत ही आधुनिक सॉफ्टवेयर और हार्डवेयर का उपयोग किया जाता है।

इसीलिए ए ऐ उपकरण बहुत महंगे हैं। इन उपकरणों के संरक्षण में भी काफी खर्च आता है।

## *बेरोजगारी में वृद्धि

ए ऐ कि प्रवेश के बाद हममें से कई लोगों ने अपनी नौकरियाँ खो दी और दुसरों को जोखिम में डाल रहे हैं। यह सच है कि यह अधिक उत्पादन देते है लेकिन यह मनुष्यों की भूमिका को चुनौती दे रहा है ।

अब से हम निर्णय ले कि हम इंसान की भूमिका इंसानो को देंगे और ए ऐ का भूमिका ए ऐ को देगें।







# Sports







# ആസ്വദിക്കാം, പരിധി വരെ...



അനഘ മനോജ്
Anagha Manoj
IX D

ഇന്ന് പൊതുവായി കണ്ടുവരുന്ന ഒരു പ്രശ്നമാണ് അഡിക്ഷൻ. അഡിക്ഷൻ എന്ന് പറയുമ്പോൾ പലതരത്തിൽ ഉണ്ട്. മൊബൈൽ ഫോണിനോട് ചില ചില ഗെയിമുകളോട് ചില വസ്തുക്കളോട് ലഹരിയോട് അങ്ങനെ നീളും ആ ലിസ്റ്റ് ഇവയെല്ലാം പൊതുവായി ഇന്ന് കണ്ടു വരുന്നതാണ്. അതിൽ ഒന്നിനെപ്പറ്റിയാണ് ഇന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്.

"ന്യൂ ജനറേഷന്റെ" ഒരു പ്രത്യേകതയാണല്ലോ ഒരു കാര്യം ഒരാൾ ചെയ്യുന്നത് കണ്ട് അടുത്തയാൾ ചെയ്യും പിന്നെ അത് ട്രെൻഡിങ്, വൈറൽ ഒക്കെ ആവും അത് അങ്ങനെ പോകും. പക്ഷേ ഞാൻ ഉദ്ദേശിച്ചത് ഇതൊന്നുമല്ല ആരാധന അത് ഒരുതരം അഡിക്ഷൻ തന്നെയാണ് ചിലപ്പോൾ ചില സിനിമാനടന്മാരോടും, നടിമാരോടും അല്ലെങ്കിൽ ചില പാട്ടുകളോട്, കഥാപാത്രങ്ങളോട്, ആളുകളോട് ഇതെല്ലാം അക്കൂട്ടത്തിൽ പെടും. എടുത്തുപറയാൻ ആണെങ്കിൽ ഇതിൽ ഒരു മാതൃക ആയിട്ട് "ബി ടി എസ്" എന്ന കൊറിയൻ ബോയ് ബാൻഡിനെ തന്നെ എടുക്കാം. "ബി ടി



എസ്" നെ കാണാനായി കുട്ടികൾ വീട്ടുവിട്ടിറങ്ങിയ ചരിത്രം വരെയുണ്ട്. ചിലയാളുകൾ അവരെ പോലെ രൂപമാറ്റം നടത്താൻ ശ്രമിക്കുന്നു, മാതാപിതാക്കൾക്ക് നേരെ ആത്മഹത്യാ ഭീഷണി വരെ മുഴക്കുന്നു. നമുക്ക് ആസ്വദിക്കാൻ ശരിയായി ഉപയോഗിക്കുകയാണെങ്കിൽ ഒരുപാട് സ്രോതസ്സുകൾ ഇന്ന് ലഭ്യമാണ് പക്ഷേ അതൊക്കെ ഒരു പരിധിവരെ നല്ല രീതിയിൽ ഉപയോഗിക്കുക. നാം ഒന്നിനും അടിമപ്പെടരുത് "ബി ടി എസ് " ബാൻഡിലെ അംഗങ്ങളും മനുഷ്യർ തന്നെയാണ് ഇന്ന് അവർ നേടിയെടുത്ത പ്രശസ്തി, ആരാധകർ എല്ലാം ഒറ്റയടിക്ക് ഉണ്ടായതല്ല. ഒരുപാട് വർഷത്തെ കഠിനപ്രയത്നവും നിശ്ചയാർഡ്യവും കൊണ്ട് നേടിയെടുത്തവയാണ് അവരെല്ലാം . മനുഷ്യരായ നമുക്ക് പ്രയത്നിച്ചാൽ എന്തും സാധ്യമാവും അപ്പോൾ ഞാൻ പറയുന്നത് എല്ലാത്തിനോടും ഒരു ഇഷ്ടം വേണം അത് സ്വയം മറന്ന് ആകരുത് എല്ലാവർക്കും അവനവന്റെതായ വ്യക്തിത്വം ഉണ്ട് എല്ലാവരും അവനവനായി ജീവിക്കുക ആസ്വദിക്കാൻ കിട്ടിയതെല്ലാം ശരിയായി ആസ്വദിക്കുക അതിൽ പങ്കു ചേരുക.







**Dilsha Shoby**
X C









# Annual Day













